**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1020** **06-10-2021 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം നഗരസഭയിലെ കുടിവെള്ള വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റപ്പാലം നഗരസഭയിൽ കുടിവെള്ള വിതരണം തുടർച്ചയായ ദിവസങ്ങളിൽ മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഒറ്റപ്പാലം നഗരസഭയിൽ എല്ലാ പ്രദേശങ്ങളിലേക്കും ഒന്നിടവിട്ട ദിവസങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നുണ്ട്. എന്നാൽ പമ്പിങ് സ്റ്റേഷനുകളിൽ വൈദ്യുതി തകരാറുകൾ ഉണ്ടെങ്കിൽ വിതരണം മുടങ്ങാറുണ്ട് |
| (ബി) | നഗരസഭയുടെ ഭൂരിഭാഗം സ്ഥലങ്ങളിലും കാലപ്പഴക്കംചെന്ന പൈപ്പുകൾ പൊട്ടി വെള്ളം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരം പൈപ്പുകൾ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; | (ബി) | നഗരസഭയിലെ പഴയ പൈപ്പുകൾ പൊട്ടി വെള്ളം നഷ്ടപ്പെടാറുണ്ട്. സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി നഗരസഭയിലെ പഴയ എ.സി പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തികൾ (27 കിലോമീറ്റർ) നടന്നു വരുന്നുണ്ട്. ഏകദേശം 17 കിലോമീറ്റർ എ.സി പൈപ്പുകൾ മാറ്റി കഴിഞ്ഞിട്ടുണ്ട്. പ്രവർത്തി പുരോഗമിച്ചു വരുന്നു. കൂടാതെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം നഗരസഭ യിലെ മീറ്റിന, തോട്ടക്കര ഭാഗങ്ങളിലെ പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | ഒറ്റപ്പാലം നഗരസഭയിലേക്ക് വെള്ളം പമ്പ് ചെയ്യുന്നതിനുള്ള മോട്ടോർ പ്രവർത്തനക്ഷമമാണോ; അല്ലെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടി ഉടൻ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | നഗരസഭയിലേക്ക് വെള്ളം പമ്പ് ചെയ്യുന്നതിനുള്ള മോട്ടോറുകൾ നിലവിൽ പ്രവർത്തനക്ഷമമാണ് |

സെക്ഷൻ ഓഫീസർ